ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : കള്ള് ചെത്തുന്നതിനു എല്ലുകകും നിശ്ചയിച്ച ആ എല്ലുകയിൽപ്പെട്ട തെങ്ങുകളും മാത്രമേ കൺടാക്ടർക്ക് ചെത്തുവാൻ പാടുള്ളു എന്നു വ്യവസ്ഥ വച്ചിട്ടുണ്ടെങ്കിലും പലപ്പോഴും ഈ വ്യവസ്ഥ ലംഘിക്കപ്പെടുന്നുണ്ടെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : പ്രത്യേകമായി പരാതി കിട്ടിയിട്ടില്ല. ഓരോ ഷാപ്പുകാർക്കും എല്ലുകകും നിശ്ചയിച്ചിട്ടുണ്ട്. ആ എല്ലുകയിൽ വേറെ ഷാപ്പുകാർ തെങ്ങു ചെത്തുന്നുണ്ടെങ്കിൽ അതു അനുവദനീയമല്ല. അങ്ങനെ ചെയ്യുന്നുണ്ടെന്നു വ്യക്തമായി ബോധ്യപ്പെടുകയാണെങ്കിൽ അതേപ്പറ്റി പരിശോധിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : കള്ളഷാപ്പിന്റെ എല്ലുക നിശ്ചയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനതത്വം എന്താണു്. ഇത്ര കുടിയന്മാർക്കു ഒരു ഷാപ്പു എന്നുള്ള രീതിയിലാണോ സ്വീകരിച്ചിട്ടുള്ളതു് ?

ശ്രീ. കെ. ടി. അച്യുതൻ : മദ്യം സേവിക്കുന്നവർക്കു അതിനു സൗകര്യം ഉണ്ടാക്കികൊടുക്കുക എന്നതാണു് പൊതുവേ സ്വീകരിച്ചിട്ടുള്ള തത്വം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു എല്ലുകയിൽപെടുന്ന ആരും വേറൊരു എല്ലുകയിലുള്ള ഷാപ്പിൽചെന്നു കുടിക്കുവാൻ പാടില്ല എന്നു വല്ല നിയമവും ഉണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ പ്രത്യേക നിയമമൊന്നുമില്ല. സമീപത്തുള്ള ഷാപ്പിൽനിന്നുമായിരിക്കും സാധാരണ കുടിക്കാറുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : മദ്യനിരോധനം വച്ചിട്ടുള്ള പ്രദേശങ്ങളുടെ തൊട്ടു അടുത്തുള്ള കള്ളഷാപ്പിന്റെ എല്ലുക കുറച്ചുകൂടി നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഇല്ലെങ്കിൽ കുറച്ചുകൂടി നീട്ടികൊടുക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇല്ല. ദയവുണ്ടാകുകയില്ല.

ഓലപ്പുരകൾ മാറിപ്പണിയാനുള്ള സ്കീം.

* 332. [20] ശ്രീ. പി. സി. രാഘവൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഓലപ്പുരകൾ ഓടുമേഞ്ഞവയാക്കി മാറിപ്പണിയാൻ പലിശയില്ലാതെ കടംകൊടുക്കുന്ന ഒരു സ്കീം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലേക്കു് എത്ര തുക നീക്കിവെയ്ക്കാൻ ആലോചനയുണ്ടു്;

(സി) ഇതിന്റെ വിശദാംശങ്ങൾ തയാറാക്കികഴിഞ്ഞുവെങ്കിൽ എന്തു്;

(ഡി) ഈ സ്കീം എപ്പോൾമുതൽ നടപ്പിലാവും?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഇല്ല.

(ബി,സി,ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly